LIBRARY ARCHIVES Kerala Legislative Assembly

ഗാലസയുടെ നടത്തിപ്പിനെപ്പറ്റി അന്വേഷണം

68 (2516) ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീമതി മേഴ്സി രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവകലാശാല, പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ കാര്യാലയം, പാലക്കാട് ജില്ലാ പഞ്ചായത്ത് എന്നിവ ചേർന്ന് നടപ്പിലാക്കിയ ഗാലസായുടെ നടത്തിപ്പിനെപ്പറ്റി പെർഫോമൻസ് ഓഡിറ്റ് വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ്, കാർഷിക സർവകലാശാലയിൽ യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതിലുള്ള ക്രമക്കേടുകളെപ്പറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നുവോ ;

(ബി) അതനുസരിച്ച് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ടിൽ, ഗാലസായുടെ നടത്തിപ്പിനെപ്പറ്റി പെർഫോമൻസ് ഓഡിറ്റ് വിംഗിനെക്കൊണ്ടുള്ള അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നു.

നെൽവയലുകളിൽ രണ്ടാംവിളയായി മത്സ്യകൃഷി

69 (2517) ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ബാബു :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽവയലുകളിൽ രണ്ടാംവിളയായി മത്സ്യകൃഷി നടത്തുന്നതിൽ ആരുടെയെങ്കിലും എതിർപ്പ് ഉണ്ടായിട്ടുണ്ടോ ;

(ബി) ഈ എതിർപ്പിനെതിരെ കർഷകർക്ക് എന്തെല്ലാം സഹായം നൽകിയിട്ടുണ്ട് ;

(സി) കർഷകരുടെ ഇഷ്ടപ്രകാരം നെൽവയലുകളിൽ രണ്ടാം കൃഷിയായി മത്സ്യകൃഷി നടത്തുന്നവർക്ക് അതിനുവേണ്ട സംരക്ഷണം നൽകുമോ ?

ഉത്തരം

(എ) ചില കർഷകത്തൊഴിലാളി സംഘടനകളിൽ നിന്നും എതിർപ്പുണ്ടായിട്ടുണ്ട്.

(ബി) പദ്ധതി ചർച്ചചെയ്യുന്ന അവസരത്തിലാണ് എതിർപ്പുണ്ടായത്. ഇതിന് സഹായം നൽകുന്നകാര്യം പ്രസക്തമല്ല.

(സി) ഫിഷറീസ് വകുപ്പ് പരിഗണിക്കുന്നതാണ്.

പച്ചക്കറി ഉൽപ്പാദന വർദ്ധനവിന് നടപടി

70 (2518) ശ്രീ. കെ. മോഹൻകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രതിമാസം ഉപയോഗിക്കാവുന്ന പച്ചക്കറികളുടെ ഏകദേശ കണക്ക് അറിയിക്കാമോ ;

(ബി) സംസ്ഥാനത്തിനകത്ത് പ്രതിമാസം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ കണക്കെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ;

(സി) അധികം വേണ്ടിവരുന്നവ ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത് ;

(ഡി) ഈ ആവശ്യത്തിലേക്കായി പ്രതിവർഷം എത്ര തുക ചെലവഴിക്കപ്പെടുന്നു എന്നറിയിക്കാമോ ;

(ഇ) സംസ്ഥാനത്തിൽ പച്ചക്കറി ഉൽപ്പാദന വർദ്ധനവിന് ഏതെല്ലാം പരിപാടികൾ നിലവിലുണ്ട് ;

(എഫ്) പച്ചക്കറികൾ ഉപഭോക്താക്കൾക്ക് ആദായ വിലയ്ക്ക് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ജി) കൃഷിഭവനുകൾവഴി ഉൽപ്പാദകരിൽനിന്നും പച്ചക്കറി വാങ്ങാൻ നിർദ്ദേശിക്കുമോ ;

(എച്ച്) ചെറുകിട വിതരണക്കാർ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിക്കുമോ ;

(ഐ) നഗരപ്രദേശങ്ങളിൽ സഞ്ചരിക്കുന്ന പച്ചക്കറി വിതരണശാലകൾ കൂടുതൽ സ്ഥലങ്ങളിലേക്ക് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പ്രതിമാസം 1.2 ലക്ഷം ടൺ പച്ചക്കറികളാണ് ആവശ്യമുള്ളത് എന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly